(ഡി–ജി) അടഞ്ഞു കിടക്കുന്ന പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 2002-ൽ സർക്കാർ മാനേജ്മെന്റുമായി ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിരുന്നു. അതിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. † എന്നാൽ, ധാരണാപത്രം ഒപ്പുവച്ചശേഷം കാനറാ ബാങ്കിനുള്ള കുടിശ്ശിക അടച്ചുതീർത്തതൊഴിച്ച് മിൽ തുറക്കുവാൻ ആവശ്യമായ മറ്റ് നടപടികളൊന്നും മാനേജ്മെന്റ് കൈക്കൊണ്ടില്ല. തുടർന്ന് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ പുനലൂർ പേപ്പർ മില്ലിന് ആനുകൂല്യങ്ങളൊന്നും നൽകേണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇളവുകൾ നൽകുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല.

(എച്ച്–ജെ) പുനലൂർ പേപ്പർ മിൽ ബോംബെ ഹൈക്കോടതി നിയമിച്ചിട്ടുള്ള റിസീവറുടെ ഭരണത്തിലാണ്. പി. എഫ്. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ തിരുവനന്തപുരത്തെ പി.എഫ്. കമ്മീഷണർക്ക് ലഭ്യമാക്കുവാൻ റിസീവറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗ്രാറ്റുവിറ്റി, പി. എഫ്., ശമ്പള കുടിശ്ശിക എന്നീ ഇനങ്ങളിൽ എത്ര തൊഴിലാളികൾക്ക് എത്ര കുടിശ്ശികയാണ് നൽകുവാനുള്ളതെന്നത് സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്.

മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

21 [959] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഈ വർഷം പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമോ ;

(ബി) പ്രസ്തുത മില്ലിന് ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് പറയാമോ ;

(സി) പ്രസ്തുത മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആവശ്യമായ പ്രവർത്തന മൂലധനം ലഭിക്കുകയാണെങ്കിൽ ആദ്യഘട്ടം ഈ വർഷം പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള Techno-Economic-Viability പഠനം നടന്നുവരുന്നു.

(സി) മില്ലിന്റെ പ്രവർത്തനത്തിനായിട്ടുള്ള ഭരണാനുമതി സർക്കാർ ഓഹരി മൂലധനം, ബാങ്ക് വായ്പ ലഭ്യമാക്കുക എന്നീ സാങ്കേതിക പ്രശ്നങ്ങൾ നിലവിലുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly